# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5350 23.05.2017-ൽ മറുപടിയ്ക്ക്.

## ഗ്രാമീണ റോഡുകളുടെ നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ഗ്രാമീണ റോഡുകൾ ബി.എം & ബി.സി ചെയ്ത് നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വീതിയുള്ള റോഡുകൾ, ഗതാഗത തിരക്കുകൾക്ക് പ്രാധാന്യമുള്ളവ, മറ്റു പ്രധാന റോഡുകളുമായി പരസ്പരം ബന്ധിപ്പിക്കുന്നവ എന്നിവ മെക്കാഡം ടാറിംഗ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി നോൺ പ്ലാൻ ഫണ്ടിൽ നിന്ന് തുക അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) & (സി) | ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മെയിന്റനൻസ് ഗ്രാന്റ്, പദ്ധതി ഫണ്ട് എന്നിവ വിനിയോഗിക്കാവുന്നതാണ്. കൂടാതെ പി.എം.ജി.എസ്.വൈ (പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന) ഫണ്ട് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി വിനിയോഗിക്കാവുന്നതാണ്. |
| (സി) | ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി മറ്റെന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ